**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4551** **19-07-2022 - ൽ മറുപടിയ്ക്ക്**

**കാട്ടുപന്നികളെ നിയന്ത്രിക്കുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ കർഷകർക്ക് നഷ്ടം വരുത്തുന്ന കാട്ടുപന്നികളെ നിയന്ത്രിക്കുന്നതിന് വകുപ്പ് പുതിയ മാർഗ്ഗനിർദേശം പുറത്തിറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ; | (എ) | ഉണ്ട്. ജനവാസ മേഖലകളിൽ മനുഷ്യ ജീവനും സ്വത്തിനും, കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഓണററി വൈൽഡ് ലൈഫ് വാർഡന്മാരായ ഗ്രാമപഞ്ചായത്ത് പ്രസിഡൻറുമാർ മുനിസിപ്പൽ ചെയർപേഴ്സൺമാർ, കോർപ്പറേഷൻ മേയർമാർ എന്നിവരെയും അധികാരപ്പെട്ട ഉദ്യോഗസ്ഥരായ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ മുനിസിപ്പൽ സെക്രട്ടറിമാർ കോർപ്പറേഷൻ സെക്രട്ടറിമാർ എന്നിവരെയും അധികാരപ്പെടുത്തിക്കൊണ്ട് 28.05.2022, 31.05.2022 എന്നീ തീയതികളിൽ സർക്കാർ ഉത്തരവുകളും 31.05.2022-ൽ ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ നടപടി ഉത്തരവും പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവുകൾ പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. കാട്ടുപന്നികളെ കൊല്ലുന്ന വേളകളിൽ മനുഷ്യ ജീവനും സ്വത്തിനും വളർത്തു മൃഗങ്ങൾക്കും ഇതര വന്യജീവികൾക്കും നാശനഷ്ടങ്ങൾ ഉണ്ടാകുന്നില്ല എന്ന് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതാണ്.<br>2. കൊല്ലപ്പെടുന്ന കാട്ടുപന്നിയുടെ ജഡം ശാസ്ത്രീയമായി<br>സംസ്കരിക്കേണ്ടതും ആയത് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതുമാണ്.<br>3. കൊല്ലപ്പെടുന്ന കാട്ടുപന്നികളുടെയും സംസ്കരിക്കപ്പെടുന്ന ജഡങ്ങളുടെയും വിവരങ്ങൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ആയതിനായി തയ്യാറാക്കിയ രജിസ്റ്ററിൽ യഥാവിധി എഴുതി സൂക്ഷിക്കേണ്ടതാണ്.<br>4. ജന ജാഗ്രതാ സമിതികളുടെ സേവനം കാട്ടുപന്നികളെ കൊല്ലുന്നതിനും, ജഡം യഥാവിധി സംസ്കരിക്കുന്നതിലും മേൽ പ്രസ്താവിച്ച അധികാര |

| | | | |
|---|---|---|---|
| | | | സ്ഥാനങ്ങൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കും ആവശ്യമെങ്കിൽ ഉപയോഗിക്കാവുന്നതാണ്.<br>5. 05.05.2022-ലെ സ.ഉ.(കൈ) നം. 23/2022/വനം സർക്കാർ ഉത്തരവിലേതിന് പകരമായി മേൽ നടപടിക്രമങ്ങൾ പാലിക്കേണ്ടതും ആയതിന് 27.05.2023 വരെ പ്രാബല്യം ഉണ്ടായിരിക്കുന്നതുമാണ്.<br>6. മേൽ പ്രകാരം ജനവാസ മേഖലകളിൽ മനുഷ്യ ജീവനും സ്വത്തിനും, കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ ഉന്മൂലനം ചെയ്യുന്നതിനായി, പൊതുജനങ്ങളുടെ അപേക്ഷയിന്മേൽ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഓണററി വൈൽഡ് ലൈഫ് വാർഡൻ / അധികാരപ്പെട്ട ഉദ്യോഗസ്ഥന്, അങ്ങനെയുള്ള പ്രദേശത്ത് അത്തരം കാട്ടുപന്നികളെ സ്വയം വേട്ടയാടി കൊല്ലുന്നതിന് അല്ലെങ്കിൽ മറ്റാരെങ്കിലും മുഖേനെ കൊല്ലിക്കുന്നതിന്, അതിനുള്ള കാരണം വ്യക്തമാക്കിക്കൊണ്ട്, ഉത്തരവ് നൽകാവുന്നതാണ്. മനുഷ്യജീവനും മറ്റ് വന്യജീവികൾ, വളർത്തു മൃഗങ്ങൾ എന്നിവയ്ക്കും അപകടം സംഭവിക്കാതിരിക്കുന്നതിനായി വിഷ പ്രയോഗം, സ്ഫോടക വസ്തു പ്രയോഗം, വൈദ്യുതി ഷോക്കേൽപ്പിക്കൽ എന്നിവ ഒഴികെയുള്ള മറ്റ് രീതികളിൽ ഇത്തരം കാട്ടുപന്നികളെ കൊല്ലുന്നതിന് അനുമതി നൽകാവുന്നതാണ്. |
| (ബി) | കൃഷി നശിപ്പിക്കുന്ന കാട്ടുപന്നികളെ വെടിവെച്ചു കൊല്ലുന്നതിന് സംസ്ഥാനത്ത് വനം വകുപ്പ് കർഷകർക്ക് അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ? | (ബി) | കൃഷി നശിപ്പിക്കുന്ന കാട്ടുപന്നികളെ വെടിവെച്ച് കൊല്ലുന്നതിന് തോക്ക് ലൈസൻസുള്ള കർഷകർക്ക് വനം വകുപ്പ് അനുമതി ലഭ്യമാക്കിയിരുന്നു. സർക്കാർ ഉത്തരവ് നമ്പർ സ.ഉ. (സാധാ) നം. 111/2020/വനം തീയതി 18.05.2020 പ്രകാരം ഫോറസ്റ്റ് റെയിഞ്ച് പരിധിയിലുള്ള തോക്ക് ഉപയോഗിക്കാൻ ലൈസൻസ് ഉള്ളവരും പന്നിയെ കൊല്ലാൻ സന്നദ്ധരായവരുമായ വ്യക്തികളുടെ ഒരു പാനൽ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ തയ്യാറാക്കി പ്രസ്തുത പാനലിൽ ഉൾപ്പെട്ടവർക്ക് കാട്ടുപന്നിയെ വെടിവെച്ച് കൊല്ലാനുള്ള അനുമതി നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ തോക്ക് ലൈസൻസുള്ള കർഷകർക്ക് വിവിധ ഡിവിഷനുകളിൽ കാട്ടുപന്നികളെ വെടിവെച്ച് കൊല്ലുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ